പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T2418 — 08.05.2017 ൽ മറുപടിയ്ക്ക്

# ദേവികുളം താലൂക്കിൽ നൽകിയ പട്ടയം സാധൂകരിക്കുന്നതിന് നടപടി

**ചോദ്യം** — **മറുപടി**

**ശ്രീ.എസ്.രാജേന്ദ്രൻ** — **ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നായനാർ സർക്കാർ 1999-ൽ ദേവികുളം താലൂക്കിൽ നൽകിയ പട്ടയങ്ങൾക്ക് റവന്യൂ വകുപ്പ് കരം സ്വീകരിക്കാത്തതിനാലും പട്ടയ സാധൂകരണം നടത്താത്തതിനാലും നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) നായനാർ സർക്കാർ 1999-ൽ ദേവികുളം താലൂക്കിൽ നല്കിയ പട്ടയങ്ങൾ ശ്രീ.എം.ഐ.രവീന്ദ്രൻ, ഡെപ്യൂട്ടി തഹസിൽദാർക്ക് ദേവികുളം തഹസിൽദാരുടെ അധിക ചുമതല നൽകിയിരുന്ന കാലഘട്ടത്തിൽ നല്കിയ പട്ടയങ്ങളായതുകൊണ്ട്, ആയതിന്റെ നിയമപരമായ സാധുത പരിശോധിച്ചാൽ മാത്രമേ പട്ടയ സാധൂകരണം സാധ്യമാവുകയുള്ളൂ. |
| (സി) | ഇല്ലെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ